"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ലയിലെ പുതിയങ്ങാടി ബി.ഇ.എം. യു.പി. സ്കൂളിലെ പാർട്ട് ടൈം ജൂനിയർ ഹിന്ദി അധ്യാപികയായ ശ്രീമതി.ലിമിയ ഡെയ്സിയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.6087/2025/GEDN തീയതി,തിരുവനന്തപുരം, 01-09-2025

പരാമർശം:-

1. കോഴിക്കോട്, പുതിയങ്ങാടി ബി.ഇ.എം. യു.പി. സ്കൂൾ കോർപ്പറേറ്റ് മാനേജർ സർക്കാരിലേക്ക് സമർപ്പിച്ച 12.03.2025-ലെ റിവിഷൻ ഹർജി.
2. ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ AEOCYR/599/2025-C നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.06.2025-ലെ ഡി.ജി.ഇ/11749/2025-ജി3 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ചോവായൂർ ഉപജില്ലയിൽപ്പെട്ട പുതിയങ്ങാടി BEMUP-സ്കൂളിലെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) ശ്രീമതി ഷൈനി വർഗീസ് 30/11/2016 തീയതിയിൽ വിടുതൽ ചെയ്ത ഒഴിവിൽ മാനേജർ ശ്രീമതി ലിമിയ ഡെയ്സിയെ 01/06/2023-മുതൽ Junior Language Teacher Hindi (Part Time) തസ്തികയിൽ ശമ്പള സ്കെയിലിൽ നിയമിച്ച് അംഗീകാരത്തിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പ്രൊപോസൽ സമർപ്പിക്കുകയും ആയത് 1) നിയമന ഉത്തരവിൽ ഒഴിവ് വ്യക്തമാക്കിയിട്ടില്ല. 2) ചേയ്ഞ്ച് ഓഫ് സ്റ്റാഫ് സ്റ്റേറ്റ്മെന്റ് ക്രമ പ്രകാരമല്ല. 3) ഭാഷാധ്യാപക നിയമനത്തിനുള്ള യോഗ്യത 2 വർഷത്തെ ഡി.എൽ.എഡ്. യോഗ്യത ടി അധ്യാപിക നേടിയിട്ടില്ല. 4) മാനേജ്മെന്റിന് കീഴിലുള്ള തസ്തിക നഷ്ടപ്പെട്ട ശ്രീമതി. ജെൻസി ജാനറ്റ് കെ. കൊല്ലേടത്തിനെ ഈ തസ്തികയിൽ മാനേജർ നിയമിച്ചിട്ടുണ്ട്. 5) 29/16 പ്രകാരമുള്ള ഡിക്ലറേഷൻ ഇല്ല. 6) ശ്രീമതി. ഷൈനി വർഗ്ഗീസ് ജോലിയിൽ പ്രവേശിച്ച സ്കൂളിൽ ശമ്പളം കൈപ്പറ്റിയ വിവരങ്ങൾ ഇല്ല. 7) ഈ തസ്തികയിൽ മുമ്പ് ജോലി ചെയ്ത അധ്യാപകരുടെ വിവരങ്ങൾ ഇല്ല.എന്നീ കാരണങ്ങളാൽ ഉപജില്ലാ ഓഫീസർ നിരസിച്ച് ഉത്തരവായി . ആയതിനെതിരെ ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ച അപ്പീൽ ടി മാനേജ്മെന്റിന് കീഴിലുള്ള സ്കൂളിൽ നിന്നും തസ്തിക നഷ്ടപ്പെട്ട ശ്രീമതി ജെൻസി ജാനെറ്റ് കൊല്ലേടത്തിനെ ഈ തസ്തികയിൽ നിയമിച്ചതായി ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട് എന്നതിനാൽ ഒഴിവ് ലഭ്യമല്ല എന്നും , കൂടാതെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിക്കാനുണ്ടായ മറ്റ് കാര്യങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നീ

കാരണങ്ങളാൽ നിരസിച്ചു . മേൽ വിവരിച്ച പ്രകാരം ഒഴിവ് വ്യവസ്ഥാപിതമല്ല എന്ന കാരണത്താൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീലും നിരസിക്കപ്പെട്ടു. ശ്രീമതി. ലിമിയ ഡെയ്സിയുടെ 01/06/2023 മുതലുള്ള ജൂനിയർ ഹിന്ദി ടീച്ചറായുള്ള നിയമനം 01/06/2023 മുതൽ 21/08/2023 വരെ നിജപ്പെടുത്തിക്കൊണ്ട് ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകാനുള്ള നിർദ്ദേശം ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്നതാണ് സർക്കാരിൽ സമർപ്പിച്ചിരിക്കുന്ന പരാമർശം (1) റിവിഷൻ ഹർജിയിലെ ആവശ്യം. കോഴിക്കോട്, പുതിയങ്ങാടി ബി.ഇ.എം. യു.പി. സ്കൂൾ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ചറിവിഷൻ ഹർജി തീർപ്പാക്കുന്നതിലേക്കായി ഹർജിക്കാരന്റെ പ്രതിനിധിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 13/06/2025-ന് പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.ഹിയറിങ്ങിൽ പങ്കെടുത്ത മാനേജരുടെ പ്രതിനിധി റിവിഷൻ ഹർജിയിലെ അതേ വാദഗതികൾ വിശദീകരിച്ചു .

3. ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.

നിലവിൽ ലിമിയ ഡെയ്സിയേക്കാൾ സീനിയറായ ശ്രീമതി ജെൻസി ജാനെറ്റ് കൊല്ലേടത്തുപറമ്പ്, പുതിയറ ബി.ഇ.എം. യു.പി. സ്കൂളിലെ ഹിന്ദി അധ്യാപകൻ ശ്രീ. എൻസിലി പണ്ടാരപ്പറമ്പിൽ എന്നീ ഹിന്ദി അധ്യാപകർ നിയമാനാംഗീകാരം ലഭിയ്ക്കാത്തവരായുണ്ട്. ഈ സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നു. ഈ സ്കൂൾ സി.എസ്.ഐ. മലബാർ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ വരുന്നതാണ്. മാനേജ്മെന്റിന്റെ കീഴിൽ വിവിധ സ്കൂളിൽ ജോലി ചെയ്തുവരുന്ന ശ്രീ.ഡാനിഷ് റാഫേൽ തുടങ്ങിയവർ സീനിയോറിറ്റി മറികടന്ന് ഹിന്ദി അധ്യാപക നിയമനം നടത്തിയത് സംബന്ധിച്ച് ഡി.ജി.ഇ. യിലെ വിജിലൻസ് സെക്ഷനിൽ പരാതി നല്കിയിട്ടുണ്ട്. ടി സ്കൂൾ 2022-23 വർഷം മതിയായ എണ്ണം കുട്ടികളുള്ള സ്കൂൾ ആയി മാറിയിട്ടുണ്ട്. ആയതിനാൽ നിയമനം ഭിന്നശേഷി സംവരണത്തിന്റെ പരിധിയിൽ വരുന്നതാണ്. നിലവിൽ മാനേജർ നിയമിതയെ ശമ്പള നിരക്കിലാണ് നിയമിച്ച് അപേക്ഷ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ആയതിനാൽ നിയമനം പരിമിതപ്പെടുത്തി ദിവസ വേതന നിരക്കിൽ അംഗീകരിക്കണം എന്ന ആവശ്യം പരിഗണനാർഹം അല്ല. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കാൻ ഇടയായ കാരണങ്ങളിൽ ഭാഷാധ്യാപക നിയമനത്തിനുള്ള യോഗ്യത 2 വർഷത്തെ ഡി.എൽ.എഡ് കോഴ്സ് ആയതിനാൽ, ടി യോഗ്യത അധ്യാപിക നേടിയിട്ടില്ല എന്നത് പുനഃപരിശോധിക്കാവുന്നതാണ്.

4. സർക്കാർ ഈ വിഷയം ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടേയും, കെ.ഇ.ആർ ചട്ടങ്ങളുടെയും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി. ലിമിയ ഡെയ്സി ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭയുടെ രാഷ്ട്ര ഭാഷ പ്രവീൺ നേടിയിട്ടുണ്ട്. ആയത് കെ.ഇ.ആർ. അധ്യായം XXXI റൂൾ 2 (iii) പ്രകാരം മേൽ യോഗ്യതയുള്ളതിനാലാണ് ടിയാളെ ജൂനിയർ ഹിന്ദി തസ്തികയിൽ നിയമിച്ചിട്ടുള്ളത്. നിലവിൽ

ലിമിയ ഡെയ്സിയേക്കാൾ സീനിയറായ ശ്രീമതി ജെൻസി ജാനെറ്റ് കൊല്ലേടത്തുപറമ്പ്, പുതിയറ ബി.ഇ.എം. യു.പി. സ്കൂളിലെ ഹിന്ദി അധ്യാപകൻ ശ്രീ.എൻസിലി പണ്ടാരപ്പറമ്പിൽ എന്നീ ഹിന്ദി അധ്യാപകർ നിയമാനാംഗീകാരം ലഭിയ്ക്കാത്തവരായുണ്ടെന്നും, ഈ സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നുവെന്നും ടി സ്കൂൾ 2022-23 വർഷം മതിയായ എണ്ണം കുട്ടികളുള്ള സ്കൂൾ ആയി മാറിയിട്ടുണ്ട് എന്നും ആയതിനാൽ നിയമനം ഭിന്നശേഷി സംവരണത്തിന്റെ പരിധിയിൽ വരുന്നതാണ് എന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 07/03/2019 തീയതിയിലെ സ.ഉ(കൈ)30/19/പൊ.വി.വി ഉത്തരവ് തീയതിയ്ക്ക് മുൻപ് കെ.ഇ.ആർ പ്രകാരം ലോവർ ഗ്രേഡ് ലാംഗ്വേജ് അധ്യാപകർക്ക് നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതകൾ നേടിയവർക്കും ടി യോഗ്യതാ കോഴ്സിന് പ്രവേശനം നേടിയവർക്കും പുതിയ യോഗ്യത നിശ്ചയിച്ചതിനാൽ ജോലിസാധ്യത ഇല്ലാതാകുന്ന സാഹചര്യം പരിഗണിച്ച് നിയമനത്തിനായി അപേക്ഷിക്കുന്നിടത്തോളം കാലം അവരെയും ദ്വിവത്സര ഡി.എൽ.എഡ് യോഗ്യത നേടിയവരോടൊപ്പം നിയമനത്തിനായി പരിഗണിക്കേണ്ടതാണ്.

5) മേൽ സാഹചര്യത്തിൽ, സീനിയർ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്ന മുറക്ക് ശ്രീമതി. ലിമിയ ഡെയ്സിയുടെ 01/06/2023 മുതൽ 21/08/2023 വരെയുള്ള ജൂനിയർ ഹിന്ദി അധ്യാപക തസ്തികയിലെ നിയമനം നിലവിലെ സർക്കാർ ഉത്തരവുകൾ Govt. Lr. No.JR1/34/2023/GEDN DATED 24/08/2023 എന്നിവ പ്രകാരം പുന:പരിഗണിക്കാനും, ടി കാലയളവിൽ ടിയാളുടെ നിയമനം ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിക്കാൻ സാധിക്കുമോ എന്നത് ഭിന്നശേഷി സംവരണം സംബന്ധിച്ച ഉത്തരവുകളുടെ കൂടി അടിസ്ഥാനത്തിൽ പരിശോധിച്ച് തീർപ്പാക്കാൻ ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ടും അപ്രകാരം പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K J SALINI
അഡീഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ,
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോഴിക്കോട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചേവായൂർ, കോഴിക്കോട്.
കോർപ്പറേറ്റ് മാനേജർ, സി.എസ്.ഐ സ്കൂൾസ് ഇൻ മലബാർ & വയനാട്, കോഴിക്കോട്.
ശ്രീമതി.ലിമിയ ഡെയ്സി, പാർട്ട് ടൈം ജൂനിയർ ഹിന്ദി അദ്ധ്യാപിക, ബി.ഇ.എം. യു.പി. സ്കൂൾ, പുതിയങ്ങാടി, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 01-09-2025 15:14:19

സെക്ഷൻ ഓഫീസർ